ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

**TIME:** 12.30 PM **DATE:** 25-05-2026

# പ്രധാനവാർത്തകൾ

1. 2026-ലെ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും; ഇന്ന് വിതരണം ചെയ്യുന്നത് 66 പുരസ്കാരങ്ങൾ.

2. രാജ്യത്ത് ഇന്ധന വില വീണ്ടും കൂടി; പെട്രോളിന് 2 രൂപ 61 പൈസയും ഡീസലിന് 2 രൂപ 71 പൈസയും വർധിപ്പിച്ചു.

3. സംസ്ഥാനത്തെ ആശുപത്രികളിൽ രോഗികൾക്ക് നിലത്ത് കിടക്കേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കുമെന്ന് ആരോഗ്യമന്ത്രി കെ.മുരളീധരൻ.

4. അട്ടപ്പാടിയിലെ ആദിവാസി യുവാവ് മധുവിന്റെ കൊലപാതകത്തിൽ ഒന്നാം പ്രതി മേച്ചേരിൽ ഹുസൈനെ വെറുതെ വിട്ട് ഹൈക്കോടതി.

5. സംസ്ഥാനത്ത് മഴ തുടരും; ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

6. ഇന്ന് ലോക ഫുട്ബോൾ ദിനം; വനിതാ സാഫ് ഫുട്ബോളിന്റെ ആദ്യ ദിനത്തിൽ ഇന്ത്യ ഇന്ന് മാൽദീവ്സിനെ നേരിടും.

&&&&&&&&&&&&&&&&&&&

## പത്മ പുരസ്കാരങ്ങൾ

2026-ലെ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും. രണ്ട് പത്മവിഭൂഷൺ, 6 പത്മഭൂഷൺ, 58 പത്മശ്രീ എന്നിവയുൾപ്പെടെ 66 പുരസ്കാരങ്ങളാണ് രാഷ്ട്രപതി ഇന്ന് വിതരണം ചെയ്യുക. ബാക്കിയുള്ളവ പിന്നീട് നൽകും. കേരളത്തിൽ നിന്നും കെ. ടി. തോമസ്, പി. നാരായണൻ, വി. എസ്. അച്യുതാനന്ദൻ, മമ്മൂട്ടി എന്നിവരുൾപ്പെടെ എട്ടു പേരാണ് പുരസ്കാരത്തിന് അർഹരായത്.

PNU TVPM

&&&&&&&&&&&&&&&&&&&

## ഇന്ധന വില കൂടി

രാജ്യത്ത് ഇന്ധന വില വീണ്ടും കൂടി. പെട്രോളിന് ലിറ്ററിന് 2 രൂപ 61 പൈസയും ഡീസലിന് 2 രൂപ 71 പൈസയുമാണ് വർദ്ധിപ്പിച്ചത്. രണ്ടാഴ്ചയ്ക്കിടെ ഇത് നാലാം തവണയാണ് വില വർധിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&&

## സൈബർ സുരക്ഷ പ്രതിജ്ഞ

ഇത്തവണത്തെ സ്കൂൾ പ്രവേശനോത്സവത്തിൽ കുട്ടികൾ സൈബർ സുരക്ഷാ പ്രതിജ്ഞ എടുക്കും. സൈബർ കെണികൾക്കെതിരെ കുട്ടികളിൽ അവബോധം വളർത്തുന്നത് ലക്ഷ്യമിട്ടാണ് നിർദേശം. സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് കേരളാ പൊലീസിലെ സൈബർ ഓപ്പറേഷൻ വിഭാഗവുമായി ചേർന്നാണ് പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&&&&

## ആരോഗ്യമന്ത്രി കെ മുരളീധരൻ

സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും മരുന്നുകൾ അടിയന്തരമായി ലഭ്യമാക്കാൻ നിർദ്ദേശം നൽകിയതായി ആരോഗ്യമന്ത്രി കെ മുരളീധരൻ. തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ മീറ്റ് ദ പ്രസ്സിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആശുപത്രികളിൽ രോഗികൾക്ക് നിലത്ത് കിടക്കേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കും. ഡോക്ടർമാർ കുറവുള്ള സ്ഥലങ്ങളിൽ നിയമനം നടത്തുമെന്നും AIIMS നായി കേന്ദ്രസർക്കാർ പരിശോധിച്ച് നിശ്ചയിക്കുന്ന ഏതു സ്ഥലവും ഏറ്റെടുത്ത് വിട്ടു നൽകുമെന്നും ശ്രീ മുരളീധരൻ പറഞ്ഞു.

( വോയിസ്....)

&&&&&&&&&&&&&&&&&&&

## അട്ടപ്പാടി മധു കേസ്

അട്ടപ്പാടിയിലെ ആദിവാസി യുവാവ് മധുവിനെ ആൾക്കൂട്ടക്കൊല ചെയ്ത കേസിൽ ഒന്നാം പ്രതി മേച്ചേരിൽ ഹുസൈനെ തെളിവുകളുടെ അഭാവത്തിൽ ഹൈക്കോടതി വെറുതെ വിട്ടു. എന്നാൽ, ശിക്ഷാവിധി ചോദ്യം ചെയ്ത് മറ്റ് പ്രതികൾ നൽകിയ അപ്പീൽ കോടതി തള്ളി. 16 പ്രതികളിൽ 13 പേരുടെ ശിക്ഷ ശരിവെച്ചു. മധുവിനെ ഉപദ്രവിച്ചിട്ടില്ലെന്നും സ്ഥലത്തുണ്ടായിരുന്നതിനാൽ മാത്രമാണ് കേസിൽ ഉൾപ്പെട്ടത് എന്നുമായിരുന്നു ഹുസൈന്റെ വാദം. 2018 ഫെബ്രുവരി 22നായിരുന്നു മധുവിനെ ഭക്ഷണ സാധനങ്ങൾ മോഷ്ടിച്ചു എന്നാരോപിച്ച് മർദ്ദിച്ച് കൊലപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&&

RNUTVPM

## പ്ലസ് വൺ- അപേക്ഷാ സമർപ്പണം

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ ഇന്ന് മുതൽ സമർപ്പിക്കാം. ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്. അതേസമയം, രണ്ടാം വർഷ ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി പരീക്ഷകളുടെ ഫലം നാളെ പൊതുവിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദ്ദീൻ പ്രഖ്യാപിക്കും.

&&&&&&&&&&&&&&&&&&&

## സി.ബി.എസ്.ഇ - അപേക്ഷ

സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പിനായി അപേക്ഷിക്കാനുള്ള സമയ പരിധി ഇന്നത്തേക്ക് കൂടി നീട്ടി. അതേസമയം, ഉത്തരക്കടലാസുകളുടെ പകർപ്പുകൾ ലഭിക്കാൻ അധിക തുക നൽകേണ്ടി വന്നവർക്ക് പണം മടക്കി നൽകുമെന്നും അപേക്ഷിച്ച എല്ലാവർക്കും പകർപ്പുകൾ ലഭ്യമാക്കുമെന്നും ബോർഡ് അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&

## ഹജ്ജ് തീർത്ഥാടനം

പശ്ചിമേഷ്യയിലെ പ്രാദേശിക സംഘർഷങ്ങൾക്കിടെ ഹജ്ജ് തീർത്ഥാടനത്തിന് ഇന്ന് തുടക്കമായി. ലോകമെമ്പാടുമുള്ള 1.6 ദശലക്ഷത്തിലധികം പേരാണ് മക്കയിൽ നിന്ന് സൗദി അറേബ്യയിലെ മിനായിൽ ഒത്തുകൂടുന്നത്. ഇന്ത്യയിൽ നിന്ന് ഏകദേശം ഒരു ലക്ഷത്തി 75,000 തീർത്ഥാടകർ ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിൽ പങ്കെടുക്കുന്നുണ്ട്. നാളെയാണ് അറഫാ സംഗമം.

&&&&&&&&&&&&&&&&&&&

## ശബരിമല- പ്രതിഷ്ഠാദിനം

പ്രതിഷ്ഠാദിന പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്ന് വൈകിട്ട് തുറക്കും. നാളെയാണ് പ്രതിഷ്ഠാദിനം. പൂജകൾ പൂർത്തിയാക്കി നാളെ രാത്രി 10 ന് നട അടയ്ക്കും.

&&&&&&&&&&&&&&&&&&&

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഈ മാസം 31-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്ലിക്കേഷനിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ ഈ മാസം 29 വരെ സമർപ്പിക്കാം.

RNU TVPM

&&&&&&&&&&&&&&&&&&&

## കാലാവസ്ഥ- കേരളം

സംസ്ഥാനത്ത് വ്യാഴാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. ഈ മാസം 28 വരെ കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&&

## ശക്തമായ മഴ-ആലപ്പുഴ (ഇൻട്രോ)

തുടർച്ചയായി പെയ്യുന്ന മഴയിൽ കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും ജലനിരപ്പ് ഉയർന്നു. പമ്പാ , അച്ചൻകോവിൽ തുടങ്ങിയ

നദികളിൽ ശക്തമായ നീരൊഴുക്കുണ്ട്. അമ്പലപ്പുഴയിൽ കടൽക്ഷോഭവും രൂക്ഷമാണ്.

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി **ആർ.രവികുമാർ.....**

(വോയിസ്)

&&&&&&&&&&&&&&&&&&&

## എറണാകുളം -മഴ

എറണാകുളം ജില്ലയിൽ ഇന്ന് മഴക്ക് ശമനം. ഇന്നലെ ശക്തമായ മഴ പെയ്തതിനെ തുടർന്ന് ഭൂതത്താൻകെട്ട് ബാരേജിന്റെ ഷട്ടറുകൾ ജലനിരപ്പ് കുറക്കുന്നതിനായി ഇടയ്ക്കിടെ തുറക്കുന്നുണ്ട്. പ്രദേശ വാസികൾ ജാഗ്രത പാലിക്കണം.

RNU TVPM

&&&&&&&&&&&&&&&&&&&

## നീറ്റ് - സുപ്രീംകോടതി

നീറ്റ് പരീക്ഷാ നടത്തിപ്പിലെ ആവർത്തിച്ചുള്ള വീഴ്ചകളിൽ ആശങ്ക അറിയിച്ച് സുപ്രീം കോടതി. കേന്ദ്രസർക്കാർ, നാഷണൽ ടെസ്റ്റിംഗ് ഏജൻസി, സിബിഐ എന്നിവയിൽ നിന്ന് കോടതി പ്രതികരണം തേടി. ആവർത്തിച്ചുള്ള ചോദ്യപേപ്പർ ചോർച്ച 22 ലക്ഷത്തിലധികം വിദ്യാർത്ഥികളുടെ അവകാശങ്ങളെ ബാധിച്ചെന്ന ഹർജികൾ പരിഗണിക്കുകയായിരുന്നു സുപ്രീം കോടതി.

&&&&&&&&&&&&&&&&&&&

## ലോക ഫുട്ബോൾ ദിനം

ഇന്ന് ലോക ഫുട്ബോൾ ദിനം. 1924-ലെ പാരീസ് ഒളിമ്പിക്സിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ടീമുകളുടെ പ്രാതിനിധ്യത്തോടെ ചരിത്രത്തിലെ ആദ്യത്തെ അന്താരാഷ്ട്ര

ഫുട്ബോൾ ടൂർണമെന്റ് നടന്നു. ഇതിന്റെ നൂറാം വാർഷികമായ 2024 നാണ് ടൂർണമെന്റ് നടന്ന മെയ് 25 ഐക്യരാഷ്ട്രസഭ ഫുട്ബോൾ ദിനമായി പ്രഖ്യാപിച്ചത്. ദിവസേനയുള്ള വ്യായാമവും ശാരീരിക പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന്, ഫിഫയും ലോകാരോഗ്യ സംഘടനയും നയിക്കുന്ന ആഗോള ക്യാമ്പയിനോട് അനുബന്ധിച്ച് "സജീവമായി തുടരൂ" എന്ന പ്രമേയത്തിലാണ് ഇത്തവണത്തെ ദിനാചരണം.

**&&&&&&&&&&&&&&&&&&&**

## വനിതാ സാഫ് ഫുട്ബോൾ

വനിതാ സാഫ് ഫുട്ബോളിന് ഇന്ന് തുടക്കം. ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്ക് നടക്കുന്ന മത്സരത്തിൽ ഇന്ത്യ മാൽദീവ്സിനെ നേരിടും.

**&&&&&&&&&&&&&&&&&&&**

## അതിരപ്പിള്ളി- ഗതാഗതം ( ഇൻട്രോ)

തൃശൂർ അതിരപ്പിള്ളി - മലക്കപ്പാറ അന്തർസംസ്ഥാന പാതയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഗതാഗതത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തി. പൊതുജനങ്ങളും വിനോദസഞ്ചാരികളും നിർദേശങ്ങൾക്കനുസരിച്ച് ബദൽ പാതകൾ ഉപയോഗിക്കണമെന്ന് അധികൃതർ അഭ്യർത്ഥിച്ചു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്...**
**( വോയിസ്....)**

**&&&&&&&&&&&&&&&&&&&**

RNU TVPM

## മംഗലം ഗോപിനാഥിന്റെ സംസ്കാരം

മുതിർന്ന കോൺഗ്രസ് നേതാവും സാമൂഹിക-സാംസ്കാരിക പ്രവർത്തകനുമായ മംഗലം ഗോപിനാഥിന്റെ സംസ്കാരം ഉച്ചയ്ക്ക് രണ്ടുമണിക്ക് മഞ്ചേരി വെട്ടേക്കോട് നടക്കും. അർബുദബാധിതനായി ചികിത്സയിലിരിക്കെ 88 ആം വയസ്സിലാണ് വിയോഗം. എ.ഐ.സി.സി, കെ.പി.സി.സി അംഗമായിരുന്ന അദ്ദേഹം 'അൽ അമീൻ' 'മലബാർ ടുഡേ' തുടങ്ങിയ പത്രങ്ങളുടെ പത്രാധിപരായിരുന്നു.

&&&&&&&&&&&&&&&&&&&

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 866 പോയിന്റ് ഉയർന്ന് 76,281 ലും, നിഫ്റ്റി 243 പോയിന്റ് നേട്ടത്തിൽ 23,962 ലും വ്യാപാരം തുടരുന്നു.

സ്വർണവില കൂടി. പവന് 240 രൂപ വർധിച്ച് ഒരു ലക്ഷത്തി 16,880 രൂപയാണ് ഇന്നത്തെ വില.

RNU TVPM

&&&&&&&&&&&&&&&&&&&

## ഐക്യ 2026 S.P.C ക്യാമ്പ്

ആറു ദിവസത്തെ സ്റ്റുഡന്റ് പോലിസ് കേഡറ്റ് ക്യാമ്പ് "ഐക്യ 2026" ഇന്ന് സമാപിക്കും. തിരുവനന്തപുരം വെങ്ങാനൂർ വി.പി.എസ് മലങ്കര ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ വൈകിട്ട് 4 മണിക്ക് നടക്കുന്ന പരേഡിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല അഭിവാദ്യം സ്വീകരിക്കും. സംസ്ഥാനത്തെ 939 സ്റ്റുഡന്റ് പോലീസ് കേഡറ്റുകളാണ് ക്യാമ്പിൽ പങ്കെടുത്തത്.

&&&&&&&&&&&&&&&&&&&

## ലക്ഷദ്വീപ് - പ്രതിഷേധ മാർച്ച്

ലക്ഷദ്വീപിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് NCPSP യുടെ നേതൃത്വത്തിൽ ദ്വീപുകളിലെ ഡെപ്യൂട്ടി കലക്ടർമാരുടെ ഓഫീസുകളിലേക്ക് പ്രതിഷേധ മാർച്ചുകൾ സംഘടിപ്പിച്ചു. സർക്കാർ ഉദ്യോഗസ്ഥരെ പിരിച്ചുവിടുന്ന നടപടികൾക്കും, സ്വകാര്യ ഭൂമികളുടെ ഡൈവേർഷൻ സർറ്റിഫിക്കറ്റുകൾ റദ്ദാക്കുന്നതും ഉൾപ്പടെയുള്ള പരിഷ്കാരങ്ങൾക്കെതിരെയാണ് പ്രതിഷേധം. അന്ത്രോത്ത് ദ്വീപിലെ പ്രതിഷേധ മാർച്ച് മുൻ ലക്ഷദ്വീപ് എംപിയും NCPSP ദേശീയ ജനറൽ സെക്രട്ടറിയുമായ പി പി മുഹമ്മദ് ഫൈസൽ ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&

.

RNU TVPM